പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1478 06.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ<br>" മഞ്ഞളാംകുഴി അലി<br>" ടി. വി. ഇബ്രാഹിം<br>" അബ്ദുൽ ഹമീദ് പി. | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സർക്കാർ മുൻ കൈ എടുത്ത് കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം (PACS) മുഖേന പെൻഷൻ നൽകുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, സർക്കാർ, കെ.എസ്.ആർ.ടി.സി എന്നിവർ ചേർന്ന് ധാരണ പത്രം ഒപ്പുവെച്ചിട്ടുണ്ട്. അതിൻ പ്രകാരം കുടിശ്ശികയുള്ള അഞ്ച് മാസത്തെ പെൻഷനും തുടർന്ന് 2018 ജൂലൈ വരെയുള്ള പ്രതിമാസ പെൻഷനുമാണ് പ്രസ്തുത ധാരണ അനുസരിച്ച് വിതരണം ചെയ്യുന്നത്. സഹകരണ ബാങ്കുകൾ വിതരണം നടത്തിയ പെൻഷൻ തുക കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽ നിന്നും 10% പലിശ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുതുക്കിയ ബഡ്ജ | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | റ്റിൽ, പെൻഷൻ യഥാസമയം നൽകുന്നതിന് കെ.എസ്.ആർ.ടി. സി -ക്ക് സർക്കാർ മാസംതോറും ധനസഹായം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; | | |
| (സി) | എങ്കിൽ എല്ലാ മാസവും പ്രസ്തുത ധനസഹായം സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ടോ; | (സി) | ഉണ്ട്.<br>പെൻഷൻ വിതരണത്തിന് ചെലവാകുന്ന തുകയുടെ പകുതി എല്ലാ മാസവും കെ.എസ്.ആർ.ടി.സി. ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പെൻഷൻ നൽകുന്നതിനായി ഈ സർക്കാർ നാളിതുവരെ എത്ര രൂപ കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി ഈ സാമ്പത്തിക വർഷം ഇതുവരെ 810 കോടി രൂപ ഈ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**